A1/123/2021-CLAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേരള ലളിതകലാ അക്കാദമിക്ക് കേരള പുരസ്കാരങ്ങളുടെ വിതരണം നടത്തുന്നതിലേക്കായി 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ അധികധനാനുമതിയായി വകയിരുത്തിയ പത്ത് ലക്ഷം രൂപ അനുവദിച്ചുത്തരവാകുന്നു.

സാംസ്കാരികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.194/2024/CLAD തീയതി,തിരുവനന്തപുരം, 26-03-2024

പരാമർശം:- 1. സാംസ്കാരികവകുപ്പ് ഡയറക്ടറുടെ 08.02.2024 തീയതിയിലെ എ1-447/23/സാം.വ നമ്പർ കത്ത്.

2. സ.ഉ.(സാധാ)നം.2209/2024/ധന. തീയതി, 07.03.2024

ഉത്തരവ്

കേരള ലളിതകലാ അക്കാദമിക്ക് കേരള പുരസ്കാരങ്ങളുടെ വിതരണം നടത്തുന്നതിലേക്കായി പരാമൃഷ്ട കത്ത് പ്രകാരം സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷം ₹ 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) അധികധനാനുമതിയായി "2205-00-102-07 (നോൺപ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തി പരാമൃഷ്ട ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

2. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2023-24 സാമ്പത്തിക വർഷം കേരള ലളിതകലാ അക്കാദമിയ്ക്ക് അധികധനാനുമതിയായി വകയിരുത്തിയ ₹ 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) "2205-00-102-07 (നോൺപ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയുത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും കേരള ലളിതകലാ അക്കാദമി സെക്രട്ടറി, സാംസ്കാരികവകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും, പ്രസ്തുത തുക സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് 3 മാസത്തിനകം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരികവകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

4. അധികധനാനുമതി മുഖേന അനുവദിച്ചിട്ടുള്ള തുക, നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി ധനപുനർവിനിയോഗം വഴി ക്രമീകരിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സാംസ്കാരികവകുപ്പ് ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരികവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി ഒ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യവകുപ്പ് (E 2307491 EDN-C3/429/2022-FIN dated 22.03.2024)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
സെക്ഷൻ ഓഫീസർ
Date: 27-03-2024 10:42:49

സ.ഉ.(സാധാ) നം.194/2024/CLAD